പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 3249 — 29/01/2014-ലെ മറുപടിക്ക്

പാലിന്റെ ഗുണനിലവാരം ഉറപ്പ് വരുത്തുന്നതിന് നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എം. ഹംസ. | ശ്രീ. കെ.സി. ജോസഫ്<br>(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പ് മന്ത്രി) |
| (എ) അന്യ സംസ്ഥാനങ്ങളിൽ നിന്ന് "മിൽമ" പാൽ സംഭരിക്കുന്നുണ്ടോ ; എങ്കിൽ പാലിന്റെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനായി "മിൽമ" എന്തെല്ലാം നടപടികൾ സ്വീകരിക്കുന്നു എന്ന് വ്യക്തമാക്കാമോ ; | (എ) ഉണ്ട്. പാലിന്റെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനായി എൻ.ഡി.ഡി.ബി നിയന്ത്രണത്തിലുള്ള സഹകരണ ഡയറികളിൽ നിന്നും എഫ്.എസ്.എസ്.എ ലൈസൻസ് ഉള്ള ഡയറികളിൽ നിന്നുമാണ് മിൽമ പാൽ സംഭരിക്കുന്നത്. |
| (ബി) 2012 -13 വർഷത്തിൽ മിൽമ എത്രലിറ്റർ പാലും, മറ്റ് ഉല്പന്നങ്ങളും വിപണനം നടത്തി ; അതുവഴി എത്രരൂപയുടെ വിറ്റുവരവ് ലഭിച്ചു ; വിശദാംശം ലഭ്യമാക്കാമോ ; | 2012 -13 വർഷത്തിൽ മിൽമ അതിന്റെ മേഖലാ യൂണിയനുകളിലൂടെ വിപണനം നടത്തിയ പാലിന്റെയും പാലുല്പന്നങ്ങളുടേയും വിശദാംശം ചുവടെ ചേർക്കുന്നു. |

| | |
|---|---|
| പാൽ | 43,38,05,260 ലിറ്റർ |
| നെയ്യ് | 4151 മെട്രിക് ടൺ |
| വെണ്ണ | 221 മെട്രിക് ടൺ |
| ഐസ്ക്രീം | 15,12,589 ലിറ്റർ |
| സംഭാരം(200 മി.ലി) | 1,47,65,751 പാക്കറ്റ്സ് |
| തൈര് | 2,92,51,894 k.g |
| ഫ്ലേവേർഡ് മിൽക്ക് (200 മി.ലി. | 13,11,452 ബോട്ടിൽ |
| പേഡ | 1,88,725 k.g |
| ഡയറി വൈറ്റ്നർ | 155.13 മെട്രിക് ടൺ |

ഇതിൽ നിന്നും **1400.30** കോടി രൂപയുടെ വിറ്റു വരവ് ലഭിച്ചിട്ടുണ്ട്.

| | |
|---|---|
| സി) 2012 -13 വർഷത്തിൽ ക്ഷീരകർഷകരിൽ നിന്ന് എത്ര ലിറ്റർ പാൽ "മിൽമ" ശേഖരിച്ചു ; കർഷകർക്ക് പാൽ വിലയായി എത്ര | 2012 -13 വർഷത്തിൽ മിൽമ മേഖലാ യൂണിയനുകൾ വഴി ക്ഷീരകർഷകരിൽ നിന്ന് **31,89,04,580** ലിറ്റർ പാൽ സംഭരിക്കുകയും പാൽ വിലയായി **853,33,84,606** രൂപ |

തുക നൽകി ;

നൽകുകയും ചെയ്യു.

ഡി) സംസ്ഥാനത്തെ ഉപയോഗത്തിന് ആനുപാതികമായി പാൽ ഉല്പാദനം ഉണ്ടോ ; ഇല്ലെങ്കിൽ കുറവ് എങ്ങനെയാണ് "മിൽമ" നികത്തുന്നത് ; വിശദാംശം ലഭ്യമാക്കാമോ ?

ഇല്ല. പാലിന്റെ ആഭ്യന്തര ഉപഭോഗം കൂടുന്ന അവസരങ്ങളിൽ അയൽ സംസ്ഥാനങ്ങളായ തമിഴ്നാട്, കർണ്ണാടക, മഹാരാഷ്ട്ര, ആന്ധ്രാപ്രദേശ് എന്നീവിടങ്ങളിലെ ഡയറികളിൽനിന്നും മിൽമ പാൽ കൊണ്ടുവരുന്നുണ്ട്.

നിലവിൽ മിൽമയുടെ പ്രതിദിന ആഭ്യന്തര പാൽ സംഭരണം 9.40 ലക്ഷം ലിറ്ററും വിതരണം 12 ലക്ഷം ലിറ്ററും ആണ് ഇതിനുപുറമേ ഉല്പന്ന നിർമ്മാണത്തിനായി 0.70 ലക്ഷം ലിറ്റർ പാൽ ആവശ്യമുണ്ട്. അതായത് മിൽമയ്ക്ക് പ്രതിദിനം 3.30 ലക്ഷം ലിറ്റർ പാൽ അന്യസംസ്ഥാനത്തുനിന്നും കൊണ്ടുവരേണ്ടതുണ്ട്.

സെക്ഷൻ ഓഫീസർ